**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 114** **10-06-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ എൻ.സി.സി. ട്രെയിനിംഗ് സെന്റർ പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുട്ടനാട്ടിലെ നിർദ്ദിഷ്ട എൻ.സി.സി. ട്രെയിനിംഗ് സെന്റർ പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിൽ എൻ.സി.സി 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി, നേവൽ എൻ.സി.സി യ്ക്ക് അനുവദിക്കുകയും, എൻ.സി.സി-യുടെ ആവശ്യ പ്രകാരം 5 കേരള നേവൽ ഓഫീസ്, 300 എൻ.സി.സി കേഡറ്റുകൾക്ക് നേവിയുടെ പരിശീലനം നൽകുന്നതിലേക്കായുള്ള നേവൽ ട്രെയിനിങ് സെന്ററ്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിന് രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി-യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>മേൽ പറഞ്ഞ 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് 2 കേസുകൾ ആലപ്പുഴ മുൻസിഫ് കോടതിയിൽ നില നിൽക്കുന്നുണ്ട്. ട്രേയിനിംഗ് സെന്ററിൽ ഫെൻസിംഗ് നിർമ്മാണത്തിന് 48 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. കേസ് നിലനിൽക്കുന്നതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിയ്ക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് തർക്കമുള്ള പ്രദേശം ഒഴിവാക്കി പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിർദിഷ്ട പദ്ധതി, തർക്കമുള്ള പ്രദേശം ഒഴിവാക്കി നടപ്പിലാക്കുന്നതിനായി മീറ്റിംഗ് നടത്തി പ്രശ്നം പരിഹരിയ്ക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ